## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 7462** **17.07.2012- ൽ മറുപടിക്ക്**

## സമഗ്ര നാളികേര വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ :<br>ശ്രീ.വർക്കല കഹാർ :<br>ശ്രീ.സി.പി.മുഹമ്മദ് : | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) നാളികേര കൃഷിയിൽ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2012-13 വർഷം സംസ്ഥാനത്തെ 7 ജില്ലകളിൽ 784 ക്ലസ്റ്ററുകളിലൂടെ 19600 ഹെക്ടറിൽ പുതുതായി ശാസ്ത്രീയ പരിചരണ മുറകൾ അനുവർത്തിക്കുന്നതിന് ഹെക്ടറിന് 17500/- രൂപയും 10200 ഹെക്ടറിന് രണ്ടാം വർഷ പരിചരണം നടത്തുന്നതിന് ഹെക്ടറിന് 9100/- രൂപ നിരക്കിലും സഹായം നൽകുന്നതാണ്. ഇവയുടെ നടത്തിപ്പിനായി 2012-13 വർഷത്തേക്ക് 4358 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ഏഴ് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. തെങ്ങിൻ തോട്ടത്തിലെ ഇടയിളക്കൽ, തെങ്ങിൻ തടം വൃത്തിയാക്കൽ, ശാസ്ത്രീയ വള പ്രയോഗവും സസ്യസംരക്ഷണവും എന്നിവയ്ക്ക് പുറമെ രോഗം ബാധിച്ചതും ഉൽപ്പാദനക്ഷമത കുറഞ്ഞതുമായ |

തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നട്ടുപിടിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ കഴിയുക.

തെങ്ങുകളുടെ രണ്ടു വർഷത്തെ പരിചരണമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. നാളികേര കർഷകരെ ശാസ്ത്രീയ പരിചരണ മുറകൾ അനുവർത്തിക്കാൻ പ്രാപ്തരാക്കുന്നതോടൊപ്പം മറ്റു കർഷകർക്ക് ഇതു കണ്ടു മനസ്സിലാക്കി സ്വന്തം കൃഷിയിടത്തിൽ ഇവ പ്രയോഗത്തിൽ വരുത്താനും ഈ പദ്ധതിയിലൂടെ സാധിക്കും.

ഇതു കൂടാതെ നാളികേര വികസന ബോർഡിന്റെ 50% സഹായത്തോടെ പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസർകോട് ജില്ലകളിൽ 300 ഹെക്ടർ പ്രദേശത്തേക്ക് 17500/- രൂപ സഹായം നൽകി ശാസ്ത്രീയ പരിചരണ കൃഷി, പ്രദർശന തോട്ടം നടപ്പിലാക്കി വരുന്നു.

| | |
|---|---|
| (ബി) ഇതിനായി സമഗ്ര നാളികേര വികസന പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (ബി) നിലവിൽ സംയോജിത നാളികേര വികസന പദ്ധതി (കേരശ്രീ) സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് കൃഷി വകുപ്പിലൂടെ നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് 19600 ഹെക്ടറിലേക്ക് 17500 രൂപ നിരക്കിൽ ഒന്നാം വർഷം ഉൽപ്പാദക ഘടകങ്ങൾക്ക് സഹായം നൽകുന്നതിനും രണ്ടാം വർഷം 10200 ഹെക്ടറിൽ 9100/- രൂപ നിരക്കിൽ ഉൽപ്പാദക ഘടകങ്ങളായ വളം, കീടനാശിനി എന്നിവയ്ക്ക് ധനസഹായം നൽകുന്നു. |
| (സി) നാളികേര മൂല്യവർദ്ധിത ഉൽപ്പന്നം നിർമ്മിക്കുന്ന സംരംഭകർക്ക് സഹായം | (സി) നാളികേര മൂല്യവർദ്ധിത ഉൽപ്പന്നം നിർമ്മിക്കുന്ന സംരംഭകർക്ക് അംഗീകൃത പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്ന- |

| | |
|---|---|
| നൽകുമോ; വിശദാംശങ്ങൾ എന്തെല്ലാം? | തിനുള്ള പദ്ധതികൾക്ക് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം വഴി ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ